Circular No.1/Gen/2021

# ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

**ദേവലോകം, കോട്ടയം – 686 004**
**Ph: 0481 2572890, website: ossae.org, e-mail: dgossae@gmail.com**

## വിജ്ഞാപനം

**ബഹു. അച്ചൻ/ഡയറക്ടർ,**

**ബഹു. വൈദിക സഹോദരങ്ങൾക്കും എല്ലാ സൺഡേസ്കൂൾ പ്രവർത്തകർക്കും പുതുവത്സരാശംസകൾ നേരുന്നു.**

കോവിഡ് – 19 മുഖാന്തിരം കഴിഞ്ഞ അധ്യയന വർഷം സൺഡേസ്കൂൾ പ്രവർത്തനത്തിൽ പല പരിമിതികളും ഉണ്ടായിരുന്നു. എങ്കിലും നമ്മുടെ പ്രവർത്തകരുടെ ഉത്സാഹം മൂലം online ക്ലാസ്സുകളും വാർഷിക പരീക്ഷകളും നടത്തുവാൻ ദൈവം കരുണ ചെയ്തു. 2021–22 വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ ചുവടെ ചേർക്കുന്നു:

1. 2021 ജനുവരി മാസം 17–ാം തീയതി ഞായറാഴ്ച പുതിയ അധ്യയന വർഷം ആരംഭിക്കുന്നു. കോവിഡ് അന്തരീക്ഷം തുടരുവാൻ സാധ്യതയുള്ളതുകൊണ്ട് online പഠനം നിർവഹിക്കുവാൻ മാത്രമെ സാധിക്കുകയുള്ളു. ഇടവകയുടെ സാഹചര്യം അനുസരിച്ച് ജനുവരി മാസം 'സൺഡേസ്കൂൾ ആരംഭം (പ്രവേശനോത്സവം) Covid-പ്രോട്ടോക്കോൾ അനുസരിച്ചോ/Virtual ആയോ നടത്തണം.

2. ഒന്നാം ക്ലാസ്സുമുതൽ 12–ാം ക്ലാസ്സുവരെയുള്ള സൺഡേസ്കൂൾ പാഠങ്ങൾ ossaebodhanam.org എന്ന website ലും youtube channal ലും ലഭ്യമാണ്. നമ്മുടെ സൺഡേസ്കൂൾ വിദ്യാർത്ഥികളോട് ossae youtube ചാനൽ subscribe ചെയ്യുവാനുള്ള നിർദ്ദേശം നൽകണം. പുതിയ പാഠങ്ങൾ upload ചെയ്യുമ്പോൾതന്നെ അവർക്ക് അറിയിപ്പുകൾ ലഭിക്കും.

3. Online ക്ലാസ്സുകളുടെ ക്രമീകരണം നടത്തുവാൻ സൺഡേസ്കൂൾ ഹെഡ്മാസ്റ്ററോടൊപ്പം ആവശ്യം അനുസരിച്ച് അധ്യാപകരിൽ ഒരാൾക്ക് പ്രത്യേകം ചുമതല നൽകണം. IT മേഖലയിൽ പരിചയമുള്ള ഒരാളെ ഈ ചുമതല ഏല്പിക്കുകയും അദ്ദേഹത്തിന്റെ പേരും ഫോൺ നമ്പരും ഡിസ്ട്രിക്ട് ഇൻസ്പെക്ടറെയും ഡയറക്ടറെയും അറിയിക്കുകയും വേണം. OSSAE Acadamic Whats App number (Ph: 9778344095) ലേക്ക് IT Cordinator ന്റെ പേരും ഫോൺ നമ്പരും സൺഡേസ്കൂളിന്റെ പേരിനൊപ്പം ദയവായി അയച്ചുതരണം.

4. ഓരോ ഞായറാഴ്ചയും അതത് ക്ലാസ്സുകളുടെ പാഠഭാഗങ്ങൾ കുട്ടികൾ പഠിക്കുന്നുണ്ടോ എന്ന് മാതാപിതാക്കളോട് അന്വേഷിക്കുകയും മാതാപിതാക്കളുടെ സഹകരണത്തോടുകൂടി കുട്ടികൾക്ക് ആവശ്യമായ സഹായങ്ങൾ അതത് ക്ലാസ്സിലെ അധ്യാപകർ നിർവഹിക്കുകയും വേണം. ബഹു. വികാരി അച്ചനും പ്രധാന അധ്യാപകനും ഉൾപ്പെടെ മുഴുവൻ അധ്യാപകരെയും വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള What's app group നിലവിൽ ഇല്ലെങ്കിൽ എത്രയും വേഗം ക്രമീകരിക്കണം. ഓരോ ക്ലാസ്സിനും അധ്യാപകൻ അഡ്മിൻ ആയിട്ടുള്ള പ്രത്യേകം whats app group കളും ക്രമീകരിക്കണം.

Zoom, Google meet തുടങ്ങിയ App കളിലൂടെ കുട്ടികളെ മുഖാമുഖം കണ്ട് ക്ലാസ്സുകൾ നടത്തണം. OSSAE Central office ൽ നിന്ന് ossaebodhanam website ലൂടെ ലഭിക്കുന്ന online materials ഉം update കളും പരമാവധി പ്രയോജനപ്പെടുത്തണം.

5. ദീർഘനാളുകളായി കുഞ്ഞുങ്ങൾ ആരാധനയിൽ പങ്കെടുക്കുന്നില്ലല്ലോ? പ്രസ്തുത സാഹചര്യം ഗൗരവമായി കാണുകയും സമാന്തര നടപടികൾ കോവിഡ്-പ്രോട്ടോക്കോൾ അനുസരിച്ച് ഇടവകകളിൽ നടപ്പാക്കുകയും വേണം.

   പല ഭദ്രാസനങ്ങളിലും ബഹു. ഡയറക്ടർമാർ ഇടവകയിലെ വൈദികരുടെ അനുവാദത്തോടെ, സൺഡേസ്കൂളിലെ ഓരോ ക്ലാസ്സിലെയും അധ്യാപകരും വിദ്യാർത്ഥികളും മാറി മാറി ആരാധനയിൽ പങ്കെടുക്കുവാനുള്ള ക്രമീകരണം ചെയ്യുന്നുണ്ട്. ഇടവകയുടെ സാഹചര്യം അനുസരിച്ച് മാസത്തിൽ ഒരു പ്രാവശ്യം എങ്കിലും മുതിർന്ന ക്ലാസ്സിലെ കുട്ടികൾക്ക് ആരാധനയിൽ പങ്കെടുക്കുവാനും പഠനം നിർവഹിക്കുവാനുമുള്ള സൗകര്യം ദയവായി ക്രമീകരിച്ചു നൽകണം.

6. ജനുവരി 31-ാം തീയതി ഞായറാഴ്ച ജീവകാരുണ്യദിനമായി ക്രമീകരിക്കണം. പ്രസ്തുത തുകയും മുൻവർഷത്തെ സൺഡേസ്കൂൾ കവർപിരിവ്, കാരുണ്യ ദിനശേഖരണം, പരീക്ഷാഫീസ് തുടങ്ങിയവ കേന്ദ്രത്തിൽ അടച്ചിട്ടില്ലായെങ്കിൽ SBI Devalokam Branch 57017053258 എന്ന അക്കൗണ്ടിൽ തുക നൽകുവാനുള്ള ക്രമീകരണം ചെയ്യുമല്ലോ?

7. 2021 ഏപ്രിൽ മാസം OVBS നടത്തുവാൻ പദ്ധതികൾ തയ്യാറായിവരുന്നു. കോവിഡ് സാഹചര്യം അനുസരിച്ച് എപ്രകാരം നടത്തുവാൻ സാധിക്കുമെന്നതിന്റെ നിർദ്ദേശങ്ങൾ അറിയിക്കുന്നതാണ്.

സമർത്ഥരായ നിർദ്ധന കുട്ടികളുടെ പഠന സഹായം (കിരൺ) സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന അധ്യാപകരുടെ ചികിത്സാപദ്ധതി (തണൽ) OSSAE നിർവഹിച്ചു കൊണ്ടിരിക്കുന്നു. നമ്മുടെ ഇടവകയിൽ അർഹരായവരുണ്ടെങ്കിൽ തീർച്ചയായും അപേക്ഷ നൽകണം. ossae.org website ൽ അപേക്ഷകൾ ലഭ്യമാണ്.

സ്നേഹപൂർവ്വം

Yours in Him,

**Fr. Dr. Varghese Varghese**

**ഡയറക്ടർ ജനറൽ**